**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- മാറാക്കര ഗ്രാമപഞ്ചായത്ത്- പഞ്ചായത്ത് ഭരണ സമിതിയുടെ 16.10.2018 ലെ 15(9) നമ്പർ തീരുമാനം ,14.11.2018 ലെ 10(1) നമ്പർ തീരുമാനം എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തു കൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3021/2018/തസ്വഭവ തിരുവനന്തപുരം, തീയതി 28.11.2018.**

---

പരാമർശം-1) മാറാക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.10.2018 ലെ 15(9) നമ്പർ തീരുമാനം

2) മാറാക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.11.2018 ലെ 10(1) നമ്പർ തീരുമാനം.

3) മാറാക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.11.2018 ലെ എ 3-624/18 നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മാറാക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സ്ഥലത്ത് ഒരു സ്വകാര്യ ഏജൻസിക്ക് ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനത്തിന് അനുമതി നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം ആരോഗ്യവകുപ്പ് നിരസിച്ചിരുന്നു. എന്നാൽ അനുമതിയില്ലാതെ പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. തുടർന്ന് പി.എച്ച്.സി കോമ്പൗണ്ടിൽ കാടാമ്പുഴ ലൈഫ് മിഷൻ ട്രസ്റ്റ് ധനസഹായം നൽകി നിർമ്മാണം പൂർത്തീകരിച്ച ഡയാലിസിസ് യൂണിറ്റ് കെട്ടിടത്തിന് നമ്പർ അനുവദിക്കണമെന്ന പ്രമേയം 16.10.2018 ലെ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും സർക്കാർ അനുമതി ലഭിക്കാതെ പൂർത്തീകരിച്ച കെട്ടിടമായതിനാൽ ആയത് സർക്കാർ അനുമതിയ്ക്കായി അയയ്ക്കണമെന്ന് സെക്രട്ടറി അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തുകയും പരാമർശം(1) പ്രകാരം തീരുമാനമെടുക്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് 14.11.2018 ന് പഞ്ചായത്ത് കമ്മിറ്റി, സെക്രട്ടറി നൽകിയ അഭിപ്രായക്കുറിപ്പ് പുനരവലോകനം ചെയ്യുകയും ആയത് വിയോജനക്കുറിപ്പായി കണക്കാക്കി പ്രമേയം നടപ്പിൽ വരുത്തുന്നതിനായി സർക്കാരിൽ അനുമതിയ്ക്കായി സമർപ്പിക്കുന്നതിനും 15 ദിവസത്തിനകം മറുപടി ലഭിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 182 പ്രകാരം പ്രമേയം നടപ്പിലാക്കുന്നതിന് പരാമർശം(2) പ്രകാരം തീരുമാനമെടുക്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് പ്രസ്തുത വിഷയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിലേയ്ക്ക് റഫർ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാറാക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനും പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ കെട്ടിടനിർമ്മാണം നടത്തുന്നതിനുള്ള അനുമതി കാടാമ്പുഴ ലൈഫ് മിഷൻ എന്ന സന്നദ്ധ സംഘടനയ്ക്ക് നൽകുന്നതിനും അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആരോഗ്യ വകുപ്പ് ആയത് നിരസിച്ചിരുന്നു. സർക്കാർ അനുമതിയില്ലാതെയാണ് പ്രസ്തുത കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളത്. ആശുപത്രി ഭൂമിയുടേയും വസ്തു വകകളുടേയും ഉടമസ്ഥാവകാശം നിക്ഷിപ്തമായിട്ടുള്ള സർക്കാരിൽ നിന്നുള്ള അനുമതി ലഭിക്കുന്നതു വരെ സ്വകാര്യ സംഘടനയ്ക്ക് കെട്ടിടനിർമ്മാണം അനുവദിക്കുന്ന പ്രവർത്തി നിർത്തി വയ്ക്കുന്നതിന് പല തവണ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിലാണ് പരാമർശ നിർമ്മാണം സർക്കാർ അനുമതിയ്ക്കായി അയയ്ക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തീരുമാനിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ പരാമർശം(1), (2) പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തു കൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സബിത.എസ്.ഡി.**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്, മാറാക്കര ഗ്രാമപഞ്ചായത്ത്, മലപ്പുറം 676 553
സെക്രട്ടറി, മാറാക്കര ഗ്രാമപഞ്ചായത്ത്, മലപ്പുറം 676 553
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള , തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ